പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4074 | 12.12.2018 — ൽ മറുപടിക്ക്

# റേഷൻ കാർഡ് വിതരണ മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ പി. :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് എ.എ.വൈ., മുൻഗണന, മുൻഗണനേതരം (സബ്സിഡി), മുൻഗണനേതരം (നോൺ സബ്സിഡി) റേഷൻ കാർഡുകൾ വിതരണം ചെയ്യുവാനായി സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) **എ.എ.വൈ.**<br>ആശ്രയ പദ്ധതിയിൽ അംഗമായവർ, ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത പട്ടികവർഗ്ഗം, പ്രിമിറ്റീവ് ട്രൈബ്സ്, മാരകരോഗങ്ങളായ എയ്ഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതര ശാരീരിക, മാനസിക വെല്ലുവിളികൾ, കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലെ രോഗബാധയാൽ പരസഹായം ഇല്ലാതെ ജീവിക്കാൻ കഴിയാത്തവരും ശയ്യാവലംബരായവരും, നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായുള്ള കുടുംബം, വിധവ ഗൃഹസ്ഥയായ കുടുംബങ്ങൾ, അവിവാഹിതയായ അമ്മ/ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ.<br><br>**മുൻഗണനാ**<br>സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വെയിറ്റേജ് മാർക്ക് നൽകി 30 മാർക്കിൽ കൂടുതൽ ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തി ഒഴിവ് വരുന്ന മുറയ്ക്ക് മുൻഗണനാ കാർഡ് നൽകുന്നു.<br><br>**മുൻഗണനേതര (സബ്സിഡി)**<br>മുൻഗണനേതര പട്ടികയിൽ ഉൾപ്പെട്ട മുൻഗണനാ മാനദണ്ഡ പ്രകാരം ഒരു മാർക്കെങ്കിലും കിട്ടിയവർ, മുൻഗണനാ മാനദണ്ഡത്തിൽപെടാത്തവരും, അയോഗ്യരല്ലാത്തവരും എന്നാൽ മാർക്കൊന്നും കിട്ടാത്തവരും, ആയിരം ചതുരശ്ര അടി വീട് എന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനയിൽപെടാത്തവർ, നാല് ചക്രവാഹനം എന്ന മാനദണ്ഡം മൂലം മാത്രം മുൻഗണനയിൽ പെടാത്തവർ. |

**മുൻഗണനേതര (നോൺ സബ്സിഡി)**

സർക്കാർ / അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ, ആദായ നികുതി ഒടുക്കുന്നവർ, പ്രതിമാസ വരുമാനം 25,000/- രൂപയ്ക്ക് മുകളിലുള്ളവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗം ഒഴികെ), സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ, നാല് ചക്ര വാഹനം സ്വന്തമായുള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ), കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000/- രൂപയ്ക്ക് അധികം വരുമാനം ഉള്ളവർ, സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മാർക്ക് പോലും ലഭിക്കാത്തവർ എന്നിവർ

| | | | |
|---|---|---|---|
| (ബി) | സ്വന്തമായി വീടില്ലാത്തവർക്ക് റേഷൻ കാർഡ് ലഭിക്കാനുള്ള മാനദണ്ഡം വിശദമാക്കാമോ; | (ബി) | നിലവിൽ ഒരു കുടുംബത്തിനാണ് റേഷൻകാർഡ് നൽകുന്നത്. ടി കുടുംബം താമസിക്കുന്ന വീടിന്റെ (സ്വന്തമായോ/വാടകയ്ക്കോ) നമ്പർ അടിസ്ഥാനപ്പെടുത്തിയാണ് റേഷൻ കാർഡ് വിതരണം നടത്തി വരുന്നത്. |
| (സി) | പ്രസ്തുത റേഷൻ കാർഡ് വിതരണം കുറ്റമറ്റതാക്കാനും അനർഹരെ കണ്ടെത്തി ഒഴിവാക്കാനും സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? തെറ്റായ വിവരങ്ങൾ നൽകി അനർഹമായ ആനുകൂല്യം പറ്റുന്നവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു വ്യക്തമാക്കാമോ? | (സി) | പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3(13) പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ തദ്ദേശ സ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി റേഷൻകാർഡ് മാനേജ്മെന്റ് സിസ്റ്റം ഡാറ്റാ മാപ്പിംഗ് നടത്തിയും ഫീൽഡ് വെരിഫിക്കേഷൻ നടത്തിയും അനർഹരെ കണ്ടെത്തുന്നതിന് താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസർമാർ നടപടി സ്വീകരിച്ചുവരുന്നു. അനർഹമായി മുൻഗണനാ വിഭാഗം റേഷൻകാർഡ് കൈവശം വച്ച് റേഷനാനുകൂല്യങ്ങൾ കൈപ്പറ്റിയവർക്കെതിരെ റേഷൻ സാധനങ്ങളുടെ നോൺസബ്സിഡി നിരക്കിലുള്ള തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ